# BSNL CCLU (CITU)

* പിരിച്ചുവിടൽ നീക്കം ഉപേക്ഷിക്കുക
* എല്ലാ മാസവും അവസാന തീയതിക്ക് ശമ്പളം നൽകുക
* ഇ.പി.എഫ്., ഇ.എസ്.ഐ. തുടങ്ങിയ സാമൂഹ്യസുരക്ഷാ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുക.
* ഗ്രാറ്റുവിറ്റി, ബോണസ് എന്നിവ അനുവദിക്കുക.
* ഉയർന്ന വേതനവും കുടിശ്ശികയും നൽകുക.
* തൊഴിലാളികളെ സ്ഥിരപ്പെടുത്തുക.
* തുല്യജോലിക്ക് തുല്യവേതനം നൽകുക.

## 2018 ജൂൺ 28
# പിരിച്ചുവിടൽ വിരുദ്ധദിനം
## പ്രകടനവും ബാഡ്ജ് ധാരണവും

## 2018 ജൂലായ് 10 – ധർണ്ണ

സഖാവെ,

ഇന്ത്യയിലെ പല സർക്കിളുകളിലും കരാർ തൊഴിലാളികളെ വ്യാപകമായി പിരിച്ചുവിടുകയാണ്. ചെലവ് ചുരുക്കലിന്റെ പേരു പറഞ്ഞാണ് ഈ നടപടി. റിപ്പയർ & മെയിന്റനൻസ് ചെലവ് 30 ശതമാനം ചുരുക്കണമെന്ന ഉത്തരവിന്റെ പശ്ചാത്തലത്തിലാണ് ഈ നടപടി. കേരളാ സർക്കിളിലും പിരിച്ചുവിടാനുള്ള നീക്കം ആരംഭിച്ചിട്ടുണ്ട്. പുതിയ ടെണ്ടറിൽ പ്രായപരിധി 56 ആയി നിശ്ചയിച്ചതുതന്നെ ഈ ലക്ഷ്യം മുൻനിർത്തിയാണ്. ഒരു കാരണവശാലും പിരിച്ചുവിടൽ അനുവദിക്കുകയില്ലാ എന്ന് അഖിലേന്ത്യാ/സർക്കിൾ യൂണിയനുകൾ ഇതിനകംതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക പരാധീനത കേന്ദ്രസർക്കാരിന്റെ സൃഷ്ടിയാണ്. ജിയോ ഉൾപ്പെടെ സ്വകാര്യ ടെലികോം കമ്പനികളെ കൈയ്യയച്ച് സഹായിക്കുകയും, ബി.എസ്.എൻ.എൽ.ന്റെ വികസനത്തെ തടസ്സപ്പെടുത്തുകയും സാമ്പത്തിക സഹായം നിഷേധിക്കുകയും ചെയ്യുകയാണ്. ഡാറ്റാ രംഗത്ത് മുന്നേറാൻ ഉതകുന്ന രീതിയിൽ 4ജി. സ്പെക്ട്രമോ അനുവദിക്കുന്നില്ല. ഇതിന്റെയെല്ലാം ഫലമാണ് ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക പ്രതിസന്ധി. മാത്രമല്ല ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ പേരിൽ സംഘടനാ പ്രവർത്തകരെ പോലും നിർദ്ദാക്ഷിണ്യം ഒഴിവാക്കുകയും ട്രേഡ് യൂണിയൻ പ്രവർത്തനം തന്നെ അസാദ്ധ്യമാക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ കരാർ തൊഴിലാളികളുടെ സേവനമാണ് ബി.എസ്.എൻ.എൽ.നെ അല്പമെങ്കിലും മുന്നോട്ടുനയിക്കുന്നത്. എന്നാൽ ആ വിഭാഗത്തോട് തികഞ്ഞ അവഗണന തുടരുകയാണ്. മാസാവസാനം തന്നെ ശമ്പളം നൽകണം, ഗ്രാറ്റുവിറ്റി, ബോണസ് അനുവദിക്കണം, ഇ.പി.എഫ്, ഇ.എസ്.ഐ. ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം, തുല്യജോലിക്ക് തുല്യവേതനം നൽകണം, വർഷങ്ങളായി ഈ മേഖലയിൽ തൊഴിൽ ചെയ്യുന്ന ഈ വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തണം. ഡൽഹിയിൽ ചേർന്ന ബി.എസ്.എൻ.എൽ. കാഷ

്യൽകരാർ തൊഴിലാളി ഫെഡറേഷൻ ഇന്ത്യയിലെ കരാർ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ സവിസ്തരം ചർച്ച ചെയ്യുകയും പ്രക്ഷോഭപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു. അതിന്റെ ആദ്യഘട്ടമായി 2018 ജൂൺ28 പിരിച്ചുവിടൽ വിരുദ്ധദിനമായി ആചരിക്കാൻ തീരുമാനിച്ചു. അന്നേദിവസം ഓഫീസുകൾക്ക് മുമ്പിൽ പ്രകടനം നടത്തണം. ബാഡ്ജ് ധരിച്ച് ജോലിക്ക് ഹാജരാകണം. 2018 ജൂലായ് 10 ന് ഇതേ ആവശ്യങ്ങൾ ഉന്നയിച്ച് ജനറൽ മാനേജർ ഓഫീസുകൾക്കു മുമ്പിൽ ധർണ നടത്തണം. ജൂൺ 28 ന്റെ പ്രകടനത്തിലും, ജൂലായ് 10 ന്റെ ധർണയിലും മുഴുവൻ തൊഴിലാളികളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

സർക്കിൾ സെക്രട്ടറി